LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി ഔട്ട്ലെറ്റുകൾ, മൊബൈൽ യൂണിറ്റ് എന്നിവ പ്രധാനപ്പെട്ട ജയിലുകൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജയിലാസ്ഥാന കാര്യാലയത്തിൽ ജയിലുൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനായി ഒരു സെയിൽസ് കൗണ്ടറും പ്രവർത്തിച്ച് വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 മെയ് 31 വരെ ഭക്ഷ്യോത്പന്നങ്ങളിൽനിന്നും 12,58,89,065 രൂപയും മറ്റുല്പന്നങ്ങളിൽ നിന്നും 6,40,47,492 രൂപയും ലാഭമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി, ദം ബിരിയാണി, ബേക്കറി ഉൽപ്പന്നങ്ങളായ ലഡ്ഡു, കേക്ക്, ചിപ്സ് എന്നിവയും നിർമ്മിച്ച് വിപണനം നടത്തിവരുന്നു. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിൽ പന്നിവളർത്തൽ കേന്ദ്രം ആരംഭിച്ചു. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പൗൾട്രി ഫാം, ആടുവളർത്തൽ കേന്ദ്രം എന്നിവ ആരംഭിച്ചു.

(സി) വരുമാന വർദ്ധനവിനായി ചപ്പാത്തി യൂണിറ്റ്, ഇഡ്ഡലി യൂണിറ്റ്, ബേക്കറി യൂണിറ്റ് എന്നിവ തുടങ്ങി. പന്നി വളർത്തൽ കേന്ദ്രം, ആട് വളർത്തൽ, ഡയറി ഫാം, പൗൾട്രി ഫാം എന്നിവ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനായി ആശുപത്രികൾ, തീർത്ഥാടന കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ യൂണിറ്റ് വിൽപ്പന കേന്ദ്രം കൂടുതലായി ആരംഭിക്കുകയും ജയിലുകളിൽ ഔട്ട്ലെറ്റുകൾ തുറക്കുകയും ചെയ്തു. ചീമേനി തുറന്ന ജയിലിൽ നിലവിലുള്ള വെട്ടുകല്ല് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വിയ്യൂർ സെൻട്രൽ ജയിലിൽ വെട്ടുകല്ല് യൂണിറ്റ് സ്ഥാപിക്കുകയും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇന്റർലോക്ക് മണ്ണ് ഇഷ്ടിക, സിമന്റ് ബ്ലോക്ക് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം നടത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ കാർപെന്ററി യൂണിറ്റും തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ സോപ്പ് നിർമ്മാണം വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കരുതൽ തടങ്കലിലുള്ള അന്യസംസ്ഥാന തൊഴിലാളികൾ

258 (3080) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിവിധ ജയിലുകളിലായി അന്യസംസ്ഥാന തൊഴിലാളികളായിട്ടുള്ള എത്രപേർ കരുതൽ തടങ്കലിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര വനിതകൾ, കുട്ടികൾ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ ജയിലുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികളോ സ്ത്രീകളോ കുട്ടികളോ കരുതൽ തടങ്കൽ നിയമപ്രകാരം തടങ്കലിൽ കഴിയുന്നില്ല

തടവുകാരുടെ ചികിത്സ

259 (3081) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരെ ചികിത്സിക്കുന്നതിനായി ആശുപത്രിയിൽ എത്തിക്കുന്നതിന് പോലീസ് അകമ്പടി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തടവുകാരെ ചികിത്സയ്ക്കായി എത്തിക്കുന്നതിന് പോലീസ് അകമ്പടി കൃത്യമായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ജയിലിന് സമീപത്തെ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ആഴ്ചയിൽ രണ്ട് ദിവസം ജയിൽ സന്ദർശിച്ച് തടവുകാർക്ക് ആവശ്യമായ ചികിത്സ നൽകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ ;

(ഡി) ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ സർക്കാർ ഡോക്ടർമാർ ആഴ്ചയിൽ രണ്ട് ദിവസം സന്ദർശനം നടത്തി തടവുകാർക്ക് ചികിത്സ നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) പോലീസ് അകമ്പടി ലഭിച്ചില്ലെങ്കിലും അടിയന്തരഘട്ടങ്ങളിൽ ജയിൽ ഉദ്യോഗസ്ഥരുടെ അകമ്പടിയോടെ ആശുപത്രികളിൽ തടവുകാരെ എത്തിക്കുന്നുണ്ട്.

(സി&ഡി) ജയിലുകളിൽ മെഡിക്കൽ ഓഫീസർമാർ ആഴ്ചയിൽ രണ്ട് പ്രാവശ്യം ജയിൽ സന്ദർശിച്ച് തടവുകാർക്ക് ചികിത്സ നൽകുന്നുണ്ടെങ്കിലും ചിലപ്പോൾ ആഴ്ചയിൽ ഒരു ദിവസവും മെഡിക്കൽ ഓഫീസർമാർ വരുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly